**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5811** **16-03-2023 - ൽ മറുപടിയ്ക്ക്**

**സ്വാശ്രയ ദന്തൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ട്രെയിനിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന ദന്തൽ കോളേജുകളിലെ ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ട്രെയിനിംഗ് നടത്തുന്നതിന് സർക്കാർ ആശുപത്രികൾ അനുവദിക്കുന്നത് സംബന്ധിച്ച് സ.ഉ.(കൈ.) നം. 49/2023/ എച്ച്.&എഫ്.ഡബ്ല്യൂ.ഡി. യുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സ്വാശ്രയ ദന്തൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ട്രെയിനിംഗ് നടത്തുന്നതിനായി സർക്കാർ ആശുപത്രികൾ അനുവദിക്കുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് സർക്കാർ 16/02/2023 – ലെ സ.ഉ(കൈ) 49/2023/ആ.കു.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ബന്ധപ്പെട്ട സ്ഥാപനം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ആശുപത്രികളുടെ സൂപ്രണ്ടുമായി മുദ്രപ്പത്രത്തിൽ MOU ഒപ്പിടേണ്ടതാണ്. ഈ സാഹചര്യത്തിൽ MOU – വിന് അന്തിമ രൂപം നൽകുന്നതിനുള്ള തുടർ നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തലത്തിൽ സ്വീകരിച്ചു വരുന്നു |
| (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ 2021 ജനുവരി 1 മുതൽ 2023 ജനുവരി 31 വരെ ദന്തൽ വിദ്യാർത്ഥികളുടെ പ്രയോഗിക പരിശീലനത്തിനായി സർക്കാർ ആശുപത്രികളുമായി ടൈ അപ്പ് സ്ഥാപിക്കാൻ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ദന്തൽ കോളേജുകളിലെ ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് പ്രയോഗിക പരിശീലനത്തിനായി സർക്കാർ ആശുപത്രികളുമായി ടൈ അപ്പ് സ്ഥാപിക്കാൻ മലപ്പുറം ജില്ലയിലെ എജ്യൂക്കെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദന്തൽ കെയർ പ്രിൻസിപ്പാൾ, എറണാകുളം ജില്ലയിലെ അന്നൂർ ദന്തൽ കോളേജ് & ഹോസ്പിറ്റൽ ഡയറക്ടർ എന്നിവരിൽ നിന്നുമുള്ള അപേക്ഷകൾ 2020 മുതലുള്ള കാലയളവിൽ സർക്കാരിൽ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷകളിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും റിപ്പോർട്ട് സർക്കാർ ലഭ്യമാക്കുകയും തുടർന്ന് സ്വാശ്രയ ദന്തൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ട്രെയിനിംഗ് നടത്തുന്നതിനായി സർക്കാർ ആശുപത്രികൾ അനുവദിക്കുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് 16/02/2023 – ലെ സ.ഉ(കൈ) 49/2023/ആ.കു.വ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ഈ സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | | **പരാമർശിത അപേക്ഷകൾ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന നിർദേശം ആരോഗ്യ വകുപ്പ് ഡയറക്ടർ/മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സർക്കാർ നൽകിയിരിക്കുകയാണ്.** |
| (സി) | പ്രസ്തുത അപേക്ഷകളിന്മേൽ ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; അതിൽ എത്ര അപേക്ഷകൾ സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ ഉത്തരവ് ആയിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | **ദന്തൽ കോളേജുകളിലെ ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് പ്രയോഗിക പരിശീലനത്തിനായി സർക്കാർ ആശുപത്രികളുമായി ടൈ അപ്പ് സ്ഥാപിക്കാൻ മലപ്പുറം ജില്ലയിലെ എജ്യുക്കെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദന്തൽ കെയർ പ്രിൻസിപ്പാൾ, എറണാകുളം ജില്ലയിലെ അന്നൂർ ദന്തൽ കോളേജ് & ഹോസ്പിറ്റൽ ഡയറക്ടർ എന്നിവരിൽ നിന്നുമുള്ള അപേക്ഷകൾ 2020 മുതലുള്ള കാലയളവിൽ സർക്കാരിൽ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷകളിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും റിപ്പോർട്ട് സർക്കാർ ലഭ്യമാക്കുകയും തുടർന്ന് സ്വാശ്രയ ദന്തൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ട്രെയിനിംഗ് നടത്തുന്നതിനായി സർക്കാർ ആശുപത്രികൾ അനുവദിക്കുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് 16/02/2023 – ലെ സ.ഉ(കൈ) 49/2023/ആ.കു.വ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ഈ സാഹചര്യത്തിൽ പരാമർശിത അപേക്ഷകൾ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന നിർദേശം ആരോഗ്യ വകുപ്പ് ഡയറക്ടർ/മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സർക്കാർ നൽകിയിരിക്കുകയാണ്.** |

സെക്ഷൻ ഓഫീസർ